**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 154** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധത്തിനുള്ള ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **Shri M. V. Govindan Master (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുഖ്യചുമതല വഹിക്കുന്ന കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി എത്ര ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുഖ്യ ചുമതല വഹിക്കുന്ന കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത്ഫണ്ട്, പൊതുവിഭാഗം സാധാരണ വിഹിതം, നോൺ റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവയിൽ നിന്ന് അടിയന്തര ചെലവുകൾ വഹിക്കുന്നതിന് അനുമതി നൽകിയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതി രൂപീകരിക്കുന്നതിനും വേണ്ട മാർഗ്ഗരേഖ സ.ഉ.(സാധാ)911/2021/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമേ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശ/മാർഗരേഖ പ്രകാരം അനുവദനീയമായ തുക ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുഖേന സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ട്. |
| (ബി) | ഓരോ ജില്ലയിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രസ്തുത സ്ഥാപനങ്ങൾ തനതു ഫണ്ടിൽ നിന്നും 31-03-2021 വരെ ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ